FRIDAY 05.07.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA



Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/07/2024

1. കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കാസർഗോഡ് ജില്ലയിലെ കർഷകരുടെ സിറ്റിംഗ് കാസർഗോഡ് സർക്കാർ അതിഥി മന്ദിരത്തിൽ ഇന്ന് (ജൂലൈ 5) നടത്തും. രാവിലെ 9ന് സിറ്റിംഗ് ആരംഭിക്കും. ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം.

2. ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ജനകീയ മത്സ്യകൃഷി 2024-25 വിവിധ ഘടക പദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതികളായ പെൻ കൾച്ചർ എമ്പാങ്ക്മെൻറ് മത്സ്യകൃഷി, തിലാപ്പിയ സെമിഇൻറൻസീവ്, വരാൽ സെമി ഇന്റൻസീവ്, പാക്കു സെമിഇന്റൻസീവ്, അനാബസ് /തദ്ദേശീയ കാറ്റ് ഫിഷ് സെമിഇന്റ്റൻസീവ്, കാർപ്പ്മത്സ്യകൃഷി, പടുതകുളങ്ങളിലെ വരാൽ മത്സ്യകൃഷി, പടുതകുളങ്ങളിലെ വാള മത്സ്യകൃഷി, പടുതകുളങ്ങളിലെ അനാബസ്/തദ്ദേശീയ കാറ്റ് ഫിഷ് മത്സ്യകൃഷി, തിലാപ്പിയ മത്സ്യകൃഷി, അനാബസ്/തദ്ദേശീയ കാറ്റ് ഫിഷ് മത്സ്യകൃഷി, ബയോഫ്ളോക്ക് തിലാപ്പിയ മത്സ്യകൃഷി, ബയോഫ്ളോക്ക് വനാമി മത്സ്യകൃഷി, തിലാപ്പിയ കൂട്കൃഷി, കരിമീൻ കൂട്കൃഷി, കടൽ മത്സ്യങ്ങളുടെ കൂട്കൃഷി, കല്ലുമ്മക്കായ കൃഷി, കുളങ്ങളിലെ പൂമീൻ കൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, കുളങ്ങളിലെ ചെമ്മീൻ കൃഷി, കുളങ്ങളിലെ വനാമി ചെമ്മീൻ കൃഷി, പിന്നാമ്പുറ കരിമീൻ വിത്തുൽപാദന യൂണിറ്റ്, പിന്നാമ്പുറ വരാൽ വിത്തുല്പാദനയൂണിറ്റ് എന്നിവർക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിതമാതൃകയിലുള്ള അപേക്ഷ തലശ്ശേരി/ കണ്ണൂർ/മാടായി/അഴിക്കോട് എന്നീ മത്സ്യഭവൻ ഓഫീസുകളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ അനുബന്ധരേഖകകൾ സഹിതം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഈ മാസം 15ന് വൈകിട്ട് നാല് മണിവരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0497-2732340 എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

3. മിത്രനിമാവിര ലായനി, പി ജി പി ആർ മിക്സ് -1 (PGPR MIX1 ), പി ജി പി ആർ മിക്സ് -2 (PGPR MIX2 ), വാം (Vesicular Arbuscular Mycorrhiza ) എന്നിവ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് ലഭ്യമാണ് . താൽപ്പര്യമുള്ളവർ 8547675124 നമ്പറിൽ വിളിച്ചു അറിയിക്കേണ്ടതാണ്.

**പരിശീലന പരിപാടി**

4. വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീം ഈ മാസം 6 ന് (06-07-2024) "**വരുമാനം ചക്കയിലൂടെ**" എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ്- 500 രൂപ. രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് പരിശീലന സമയം. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻററിന്റെ ആഭിമുഖ്യത്തിൽ **മഴക്കാല പച്ചക്കറി കൃഷി** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഈ മാസം 19 ന് (ജൂലൈ 19) സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ജൂലൈ 15ന് മുമ്പായി 0487 2370773 എന്ന ഫോൺ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെപട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 20 മുതൽ 31 വരെയുള്ള10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 19-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.

എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ എടത്വാ, നെടുമുടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ (Black hug) സാന്നിദ്ധ്യം കണ്ടുവരുന്നു. പകൽ സമയങ്ങളിൽ മണ്ണിനടിയിൽ ഒളിച്ചിരിക്കുന്ന കീടങ്ങൾ രാത്രി കാലങ്ങളിലാണ് നീരുറ്റിക്കുടിക്കുന്നത്. ആയതിനാൽ ഇവയെ പെട്ടെന്ന് കണ്ടുപിടിക്കാൻ പ്രയാസമാണ്. ഈർപ്പമുള്ള പ്രദേശങ്ങളിലാണ് കരിഞ്ചാഴിയുടെ സാന്നിദ്ധ്യം കൂടുതലായി കാണുന്നത്. തണ്ടുതുരപ്പന്റെയും എലിവെട്ടിനും സമാനമായ ലക്ഷണങ്ങൾ കണ്ടാൽ കരിഞ്ചാഴി ആക്രമണം സംശയിക്കാം, നെൽച്ചെടിയുടെ ചുവട്ടിലിരുന്നു നീരുറ്റി കുടിക്കുന്നത് മൂലം നെൽച്ചെടികൾ കരിഞ്ഞു പോകുന്നു. കൃഷിയിടത്തിൽ ഇറങ്ങി നോക്കി കീട സാന്നിദ്ധ്യം ഉറപ്പിച്ചതിന് ശേഷം മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക. കർഷകർ കൃഷിയിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തുകയും, കരിഞ്ചാഴി സാന്നിദ്ധ്യം കാണുന്ന പക്ഷം മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായി ബന്ധപ്പെടുകയും വേണം. ബന്ധപ്പെടേണ്ട നമ്പറുകൾ ചമ്പക്കുളം, പുളിങ്കുന്ന് 9567819958, നെടുമുടി 8547865338,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൈനകരി 9961392082, എടത്വാ 9633815621, തകഴി 9496764141, ആലപ്പുഴ 7034342115, കരുവാറ്റ 8281032167, പുന്നപ്ര 9074306585, അമ്പലപ്പുഴ 9747731783, പുറക്കാട് 9747962127.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം